# ജി.ടി.എച്ച്.എസ്
# ചെറുവത്തൂർ

Govt. Technical High School.Cheruvathur

WORK IS WORSHIP



# ചരിത്രത്താളിലൂടെ

നമ്മുടെ കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതീരിപ്പാട് 1958 ഫെബ്രുവരി 4 ന് ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂളിന് ശിലാസ്ഥാപനം നിർവ്വഹിച്ചു. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ , പീലിക്കോട്, കയ്യൂർ-ചീമേനി പഞ്ചായത്തുകളുടെ സംഗമസ്ഥാനത്ത് ദേശീയപാതയോട് ചേർന്ന മനോഹരമായ കുന്നിൻപുറത്ത് സ്ഥിതി ചെയ്യുന്ന ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥലസൌകര്യം, വികസന സാധ്യതകൾ, പഠനനിലവാരം എന്നിവയെല്ലാം കൊണ്ട് സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ മുൻനിരയിൽ നില്ക്കുന്നു. കുട്ടികൾക്ക് ഹോസ്റ്റൽ സൌകര്യമുള്ള സംസ്ഥാനത്തെ ഏക ടെക്നിക്കൽ ഹൈസ്കൂളാണിത്.

1960-61 വർഷത്തിൽ ജെ.ടി.എസിൽ ക്ലാസുകൾ ആരംഭിച്ചു. ആദ്യവർഷം 60 കുട്ടികൾക്കാണ് പ്രവേശനം നല്കിയത്. ശ്രീ.കെ.പി നാരായണൻ ബി ഇ ആയിരുന്നു ആദ്യത്തെ സൂപ്രണ്ട്. ആദ്യവർഷങ്ങളിൽ പ്രവേശനം പരിമിതമായിരുന്നുവെങ്കിലും പിന്നീട് 90 കുട്ടികൾക്ക് വീതം പ്രവേശനം നല്കുകയുണ്ടായി. ഇപ്പോൾ സീറ്റ് 120 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ആറ് വ്യത്യസ്ത ട്രേഡുകളിൽ ഇവിടെ പ്രവേശനം നല്കുന്നുണ്ട്. പൂർവ്വ വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗം സംസ്ഥാനത്തിനു പുറത്തും വിദേശങ്ങളിലുമായി ഉന്നതസ്ഥാനത്ത് ജോലി ചെയ്യുന്നവരാണ്. ജില്ലയിൽ സാങ്കേതിക ജീവനക്കാരുള്ള ഏതൊരു സ്ഥാപനത്തിലും ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ ഒരാളെങ്കിലും ഉണ്ടാകുമെന്നത് മറ്റേതൊരു സ്ഥാപനത്തിനുമില്ലാത്ത മികവാണ്.

# ആശംസകൾ

നമ്മുടെ ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഡിജിറ്റൽ സംസ്ഥാനമായ കേരളത്തിലെ കുട്ടികൾ, വിവരസാങ്കേതികവിദ്യയുടെ നൂതന ആശയത്തെ ഗുണപരമായ കാര്യങ്ങൾക്ക് ഉപയോഗിക്കും വിധം മെച്ചപ്പെടുത്തുന്നതിൽ ലിറ്റിൽ കൈറ്റ്സ് സുപ്രധാനപങ്കു വഹിക്കുന്നുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനും, പ്രയോഗിക്കാനുള്ള കരുത്ത് ഇത്തരം സംരംഭങ്ങളിലൂടെ സധ്യമാകും എന്നതിനാൽ തന്നെ ഈ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.....



മനോജ് ടി.കെ
സൂപ്രണ്ട്

# ചെറുവത്തൂർ ജെ.ടി എസിലെ സുവർണകാലം

ഇപ്പോഴത്തെ ടി എച്ച് എസ് പഠനം സമൂഹത്തിന്റെ ഉന്നതങ്ങളിൽ എത്തിപ്പെട്ടവർക്കും അല്ലാത്തവർക്കും ജീവിതത്തിലെ സുവർണ്ണകാലഘട്ടമായിരുന്നു.

1958 ഫെബ്രുവരി 4 ന് അന്നത്തെ മുഖ്യ മന്ത്രി ഇ എം എസ് നമ്പൂതിരിപ്പാട് സ്വന്തം നിയോജക മണ്ഡല പരിധിയിൽ വരുന്ന ചെറുവത്തൂ രിലെ കുളിയൻ പാറയിൽ ജെ ടി എസിന് തറക്കല്ലിടുകയും 1960-61 മുതൽ അധ്യയനം ആരംഭി ക്കുകയും ചെയ്തു. സ്ഥാപനം സുവർണ്ണ ജൂബിലിയുടെ നിറവിലാണ്. സുവർണ്ണ ജൂബിലി ആഘോഷിക്കാൻ പള്ളിപ്രം ബാലൻ എം എൽ എ രക്ഷാധികാരിയും എം കുഞ്ഞിരാമൻ എം എൽ എ ചെയർമാനും സ്കൂൾ സൂപ്രണ്ട് കെ പി മാധവൻ ജനറൽ കൺവീനറുമായി വിപുല മായ സംഘാടക സമിതി പ്രവർത്തിച്ച് വരുന്നു. 2010 ജനവരി 6നാണ് പി കരുണാകരൻ എം പി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തത്.

ജനവരിയിൽ തന്നെ നടന്ന ടെക്നിക്കൽ ഹൈസ്കൂൾ സംസ്ഥാന കലോത്സവം പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. പൂർവ്വകാല അദ്ധ്യാപകരുടെയും ജീവ നക്കാരുടെയും കുടുംബസംഗമം ഏപ്രിൽ 10 ന് നടന്നു; മെയ് ഒമ്പതിന് പൂർവ്വ വിദ്യാർത്ഥി സംഗമവും കുടുംബസംഗമവും ഉദ്ഘാടനം ചെയ്തത് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.

1968 - 71 ബാച്ചിലെ വിദ്യാർത്ഥിയായി രുന്നു ഈ ലേഖകൻ. പ്രകൃതി രമണീയമായ കുന്നിന് മുകളിൽ വിശാലമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇവിടത്തെ ക്ലാസ്സുമുറികളിൽ വിദ്യാർത്ഥി ബാഹുല്യത്തിൻറെ വീർപ്പുമുട്ടൽ ഇല്ലാതെ വേണ്ടത്ര ശുദ്ധവായു ശ്വസിച്ച് ബുദ്ധിവികാസത്തിൻറെ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി പഠനം തുടരാൻ കഴിഞ്ഞു.

വിദ്യാർത്ഥികൾ പരിമിതമായതു കൊണ്ടു തന്നെ അദ്ധ്യാപകർക്ക് ഓരോ വിദ്യാർത്ഥിയുടെയും പോരായാമകൾ മനസ്സിലാക്കി പ്രത്യേക ശ്രദ്ധപതിപ്പിക്കാനും കഴിഞ്ഞിരുന്നു. മണ്ണിനോടും മരത്തിനോടും ഇരുമ്പിനോടും മല്ലടിച്ച് പാഠ്യപദ്ധ തിയുടെ ഭാഗമായി മോഡലുകൾ സൃഷ്ടിച്ചെടുക്കുന്ന വിദ്യാർത്ഥികൾക്ക് കായിക ക്ഷമതയ്ക്കൊപ്പം തങ്ങളുടെ കരവിരുതും കലാവിരുതും വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞു.

സ്വാതന്ത്ര്യസമര കാലഘട്ടത്തിലെ ദേശീയ നേതാക്കളെ മാറ്റിനിർത്തി ഭാരത ചരിത്രം രചിക്കാൻ കഴിയില്ലെന്നതു പോലെ ജെ ടി എസിന്റെ ചരിത്രം പറയുമ്പോൾ പ്രമുഖ വ്യക്തികളെ ഒഴിവാക്കാൻ കഴിയില്ല. വിദ്യാർത്ഥികളെ പാകപ്പെടുത്തിയെടുക്കുന്നതിൽ ഇവർ നിർണ്ണായക പങ്കു വഹിച്ചിരുന്നു. അവരിൽ പ്രമുഖരായിരുന്നു കുമാരൻ മാസ്റ്ററും സൂപ്രണ്ടുമാരായി പ്രവർത്തിച്ച വേലായുധൻ നമ്പ്യാരും ഭാസ്കര പ്പൊതുവാളും മാങ്ങാട്ട് പ്രവർത്തിക്കുന്ന കെൽട്രോൺ സ്ഥാപനത്തെ ശ്രദ്ധേയമായ വ്യവസായ സ്ഥാപനമാക്കി മാറ്റിയ കെ പി നാരായണൻകുട്ടി പ്രഗത്ഭനായ അദ്ധ്യാപകനാണെന്ന് മുൻ ബാച്ചിലെ വിദ്യാർത്ഥികൾ പറഞ്ഞുകേട്ടിട്ടുണ്ട്.

ക്ലാസിൽ കടുത്ത ശിക്ഷനൽകിയാലും ക്ലാസ് മുറിവിട്ട് പുറത്തിറങ്ങുമ്പോഴേക്കും

വിദ്യാർത്ഥികളുമായി സൗഹൃദത്തിലാവുന്ന കുമാരൻമാസ്റ്റർ വൈകുന്നേരമായാൽ ഷർട്ട് ഊരിവെച്ച് കുട്ടികളോടൊപ്പം പന്തു കളിക്കുന്നതു കാണാൻ രസമുണ്ടാവും. കളിയുടെ ഇടവേള സമയത്ത് പാക്കനാർ ടാക്കീസിലെ സിനിമയും ഏറ്റവും പുതിയ പടത്തിലെ ചില രംഗങ്ങളുംഅതുമല്ലെങ്കിൽ മാസ്റ്റർ തന്നെ അഭിനയിക്കുന്ന നാടകസീനുകളും പറഞ്ഞു ചിരിക്കും.നല്ലൊരു നടനും സുമുഖനുമായ മാസ്റ്റർക്ക് എന്തു കൊണ്ട് സിനിമയിൽ അവസരം കിട്ടിയില്ലെന്ന് സ്വയം ചോദിച്ച് പോയിട്ടുണ്ട്.

ഒരു വാർഷികാഘോഷത്തിലെ 'ദിവ്യ ബലി' എന്ന നാടകത്തിൽ കുമാരൻ മാസ്റ്ററുടെ കമ്മത്ത് എന്ന ഗൗഡസാരസ്വത ബ്രാഹ്മണൻ്റെ വേഷം ഒരിക്കലും മറക്കാൻ കഴിയില്ല. ഇതേ നാടകം പയ്യന്നൂരിൽ ഒരിക്കൽ കാണാനിടയായി എൻ്റെ അഭ്യുദയകാംക്ഷിയും മാന്യ സുഹൃത്തുമായ കാങ്കോലിലെ ശ്രീധരൻ മാസ്റ്ററാണ് കമ്മത്ത് വേഷത്തിൽ അഭിനയിച്ചത്.

വാർഷികത്തിന് സ്റ്റേജ് വേണം; സ്റ്റേജ് കെട്ടാൻ താർ പോളിൻ വേണം. അത് പയ്യന്നൂരിൽ നിന്ന് വാടകയ്ക്ക് കൊണ്ട് വരണം. കുമാരൻ മാസ്റ്റർ പയ്യന്നൂരിൽ നിന്നു വരുന്ന എന്നെ ആ ദൗത്യം ഏൽപ്പിച്ചു. രണ്ടു ബസ്സാണ് അന്നുള്ളത്. എട്ടുമണിക്ക് പുറപ്പെടുന്ന പീപ്പിൾസ് ബസ്സ്, 8.30 ന് പുറപ്പെടുന്ന തളിപ്പറമ്പ കോട്ടച്ചേരി എൻ കെ ബി ടി ബസ്സ്.പീപ്പിൾസ് ബസ്സ് പുറപ്പെടുന്നത് പയ്യന്നൂ രിൽ നിന്നായത് കൊണ്ട് തലേ ദിവസം തന്നെ ക്ലീനറോടും മുതലാളി ശ്രീധരൻ നമ്പ്യാരോടും പറഞ്ഞ് ശട്ടം കെട്ടി. ചുമട്ടുകാരുടെ സഹായം കൊണ്ട് രണ്ടു താർ പോളിൻ ബസ്സിന് മുകളിൽ കയറ്റി . സ്കൂൾ ഗെയിറ്റിന് നേരെ സ്പെഷലായി ബസ്സ് നിർത്തി താർപോളിൻ ഇറക്കി. നാലുപേർ പിടിച്ച് എങ്ങനെയോ

ഗെയിറ്റിനുള്ളിൽ എത്തിച്ചു. സൈക്കിളിൻ്റെ ബാക്കിൽ വെച്ച് ഉരുട്ടുക എന്ന ആശയം ഉദിച്ചു. റെയിൽവെ സ്റ്റേഷനു മുമ്പിലെ സൈക്കിൾ ഷാപ്പിൽ നിന്ന് വാടകയ്ക്കെടുത്ത സൈക്കിൾ ബെല്ലില്ലാതെ, ബ്രെയ്ക്കില്ലാതെ, ഞാണിന്മെകുന്ന് എങ്ങനെയോ ചവുട്ടിക്കയറ്റി . താർപോളിൻ ബാക്കിൽ കെട്ടി സൈക്കിൾ ഉരുട്ടി എന്നാൽ ബാക്കിൽ കനം കൂടിയതു കാരണം മുമ്പിലത്തെ ചക്രം പൊങ്ങുന്നു. എങ്ങനെയൊക്കെയോ തൊട്ടടുത്ത ദിവസം തിരിച്ചത് ബസ്സിൽ കയറ്റാൻപെട്ട പാട്! കുമാരൻ മാസ്റ്റ രാണ് നിർദ്ദേശിച്ചത്, അനുസരിക്കാതിരിക്കാൻ വയ്യ. എങ്കിലും ആ നിർദ്ദേശവും അനുഭവവും ഭാവി ജീവിതത്തിൽ ഏറെ പ്രയോജനപ്പെട്ടു.

സ്കൂൾ സാഹിത്യ സമാജം ഉദ്ഘാടനത്തിന് വേണ്ടി യുവ സാഹിത്യകാരനായ പയ്യന്നൂർ കോളേജ് അദ്ധ്യാപകൻ മേലത്ത് ചന്ദ്രശേഖരനെ ക്ഷണിക്കാൻ കുമാരൻ മാസ്റ്ററുടെ കത്ത്. മേലത്തിനെ പരിചയപ്പെട്ടു. വലിയൊരു സൗഹൃദം അന്നും അതിനുശേഷവും മേലത്തുമായി പങ്കിടുന്നതിന് കുമാരൻ മാസ്റ്ററുടെ ആ കത്ത് പ്രയോജനപ്പെട്ടു.

ഹ്യൂമാനിറ്റീസ് പഠിപ്പിക്കലിൻ്റെ ഭാഗമായി പൊതു ചോദ്യങ്ങൾ തുരുതുരാ ചോദിക്കും. ആർക്കും തന്നെ ഉത്തരം പറയാൻ കഴിയില്ല. പരിഹാര മായി 100 പേജ് നോട്ടുവാങ്ങി

അതതു ദിവസത്തെ പ്രധാന വാർത്തകൾ എഴുതികൊണ്ടു വരണമെന്നായി നിർദ്ദേശം.

കെ യു കുഞ്ഞികൃഷ്ണ പൊതുവാളെ കണ്ണൂർ ഡി സി സി പ്രസിഡണ്ടായി തിരഞ്ഞെടുത്ത വാർത്ത, യുവതുർക്കി വിരൽ ചൂണ്ടുന്നു എന്ന ഹെഡ് ലൈനിൽ കോൺഗ്രസ് പ്രവർത്തക സിമിതി അംഗം ചന്ദ്രശേഖർ പ്രധാനമന്ത്രി ഇന്ദിരാഗന്ധിയെ വിമർശിച്ച വാർത്ത, ഇങ്ങനെ ബോക്സ് ന്യൂസായി വരുന്ന വാർത്തകൾ എഴു തിയെഴുതി പത്രവായനയോടൊപ്പം രാഷ്ട്രീയ താൽപ്പര്യം കൂടി വിദ്യാർത്ഥികളിൽ വളർന്നു വന്നു.ഞങ്ങൾ വിദ്യാർത്ഥികൾ ഇടവേളകളിൽ ചേരി തിരിഞ്ഞ് രാഷ്ട്രീയ

സംവാദങ്ങൾ നടത്തി. മുകളിലെ സംവാദങ്ങൾക്ക് കാതോർത്ത് അദ്ധ്യാപകർ താഴത്ത് നിൽപ്പുണ്ടാവും. ഈ ചർച്ച കളൊക്കെ പിൽക്കാലത്ത് പലർക്കും ഗുണം പിന്നീട് പലരും രാഷ്ട്രീയ നേതാക്കളായി, സർവ്വീസ് സംഘടന ഭാരവാഹികളായി, പഞ്ചായത്തു പ്രസിഡണ്ടുമാരും അതിലപ്പുമുള്ള പദവിയിലെത്തിയവരുമായി.

ഇത്തരം വാർത്താക്കുറിപ്പുകൾ തയ്യാറാക്കുന്നതിൽ ലേഖകനുള്ള കഴിവുകൾ വികസിപ്പിച്ചെടുക്കാൻ കുമാരൻ മാസ്റ്ററുടെ വാർത്തയെഴുത്ത് നിർദ്ദേശം വളരെയധികം സഹായിച്ചു. സോഷ്യലിസ്റ്റ് നേതാവും പിന്നീട് മന്ത്രിയുമായ നീലേശ്വരത്തെ എൻ കെ ബാലകൃഷ്ണൻറെ ജ്യേഷ്ഠ സഹോദര പുത്രനായ കുമാരൻ മാസ്റ്റർ അറിയാതെ തന്നെ വിദ്യാർത്ഥികളിൽ സോഷ്യലിസ്റ്റ് ആശയ ത്തിൻറെ വിത്തു വിതച്ചു.

ക്വിറ്റിന്ത്യാ സമരസേനാനിയും നേതാജി യടെയും ഗാന്ധിജിയുടെയും ആരാധകനുമായ എൻറെ അച്ഛൻ സി വി കുഞ്ഞമ്പു സ്രാ പ്പിന്റെ ജീവിത രീതി യും ശൈലിയും ഞാനും പിന്തു

ടർന്നു. കേരള രാഷ്ട്രീയത്തി ലെ സഞ്ചരിക്കുവിജ്ഞാനകോശം എം എ ജോൺ, എഴുതാപ്പുറവും

കാണാപ്പുറവും എഴുതുന്ന പത്ര പ്രവർത്തകനായ പി രാജൻ, മലയാള ഭാഷാ പ്രയോഗത്തിലെ

ലാളിത്യം കൊണ്ട് ശ്രദ്ധേയനായ പ്രകൃതി ചികിത്സകൻ ഡോ.എസ് കെ മാധവൻ ഇവരൊക്കെ

വളമിട്ടും വെള്ളമൊഴിച്ചുമാണ് ഞാൻ വളർന്നത്.

ഇംഗ്ലീഷ് ക്ലാസിൽ മലയാളം അർത്ഥം പറയുമ്പോൾ സന്ദർഭോചിതമായി സി പി എം നേതാവ് ബി ടി

രണദിവെയുടെ ഇംഗ്ലീഷ് പ്രസം ഗത്തിന്റെ തർജ്ജമക്കാരൻ്റെ പോരായ്മയെക്കുറിച്ച് പറഞ്ഞ്

കുട്ടികളെ രസിപ്പിക്കുമായിരുന്ന കുമാരൻ മാസ്റ്റർ പിന്നീട് പിന്നീട് കാണുമ്പോഴൊക്കെ

നല്ല സുഹൃത്തിനെപ്പോലെ പെരുമാറി. മരണം തക്ക സമയത്ത് ഞാനറിയാതെ പോയത് ഇന്നും മന

സ്സിനെ അലട്ടുന്ന പ്രശ്നം.

മെക്കാനിക്കൽ എഞ്ചിനീയറിംഗ് ക്ലാസ്സിൽ ചോക്ക് പൊട്ടിച്ച് മേലോട്ടെറിഞ്ഞ്

വെലോസിറ്റി യുടെ നിർവചനം പറഞ്ഞു തരുന്ന പി പി വേലായുധൻ നമ്പ്യാർ മാസ്റ്റർ, വർക്ക്

ഷോപ്പിൽ സമർത്ഥരായ വിദ്യാർത്ഥികളേയും അദ്ധ്യാപക രേയും ഉപയോഗിച്ച് സ്റ്റിംഎഞ്ചിന്റെ

മാതൃകയു ണ്ടാക്കി വളരെ സാവധാനം പറഞ്ഞു മനസ്സി ലാക്കി തരുന്ന ഭാസ്കരപ്പൊതുവാൾ സാർ.

തന്റെ ലാബിലെ അറ്റൻഡർ കുഞ്ഞിരാ മൻ നായരോടുപോലും ഭവ്യതയോടും ബഹുമാ നത്തോടും കൂടി

മാത്രമേ പൊതുവാൾസാർ സംസാരിക്കുകയുള്ളൂ.

ഫിസിക്സ് പഠിപ്പിക്കുന്ന പങ്കജം ടീച്ചർ, കണക്കു പഠിപ്പിക്കുന്ന ശാരദ ടീച്ചർ,

ഗംഗാധരൻ മാസ്റ്റർ, പത്മിനി ടീച്ചർ, എഞ്ചിനീയറിംഗ് ഡ്രോയിംഗ് പഠിപ്പിക്കുന്ന

മധുമാസ്റ്റർ - എല്ലാവരും അക്കാലത്തെ കുട്ടികളുടെ മനംനിറയെ കാണും.

വർക്ക് ഷോപ്പ് ഫോർമാൻ ആയിരുന്ന സുകുമാരൻ ആചാരിയും രസതന്ത്രം പഠിപ്പിക്കുന്ന

രാമചന്ദ്രൻ മാഷും ഇടവേളകളിൽ ഫോർമാന്റെ ക്യാബിനിൽ കുട്ടികൾക്ക് പാട്ടുപാടാനുള്ള അവ

സരം ഉണ്ടാക്കിക്കൊടുക്കുമായിരുന്നു.

ഓർക്കുമ്പോൾ ഒക്കെ ഒരു രസം. ചെറു വത്തൂർ ജെ ടി എസിലെ വിദ്യാർത്ഥി ജീവിതം ഒരു

സുവർണ്ണ കാലം തന്നെയായിരുന്നു. ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി എന്ന

വയലാറിൻ്റെ വരി ഓർത്തു കൊണ്ട് പഠിക്കാനായി ഇനിയൊരു ജന്മമുണ്ടെങ്കിൽ അത് ജെ ടി എസിൽ

തന്നെ ആകണമെന്ന ആഗ്രഹ ത്തോടെ ഈ കുറിപ്പിന് പരിസമാപ്തി.



# നീലശലഭം

രാവിലത്തെ തിരക്കിൽ പൊടുന്നനെ ജോലികൾ തീർക്കുകയാണ് അവൾ. എട്ടരയുടെ ബസ്സ് പോയാൽ പിന്നെ പത്തുമണിക്കാണ് അടുത്ത ബസ്സ്. അതെങ്ങാനും പോയി കഴിഞ്ഞാൽ തൻറെ കാര്യത്തിൽ ഒരു തീരുമാനമാകും എന്ന ബോധ്യത്തോടെയാണ് ഓരോ പണികളും ചെയ്യുന്നത്. വൈകിയെത്തിയാൽ ഓഫീസിൽ മാനേജറുടെ ചീത്ത മുഴുവൻ കേൾക്കേണ്ടിവരും. അങ്ങനെ വീട്ടുജോലികൾ മുഴുവൻ തീർത്ത് അവൾ ബസ്സ്റ്റോപ്പിലേക്ക് നടന്നു. നടക്കുകയാണോ ഓടുകയാണോ എന്നാണ് സംശയം. എട്ടരയുടെ ബസ്സ് വരാൻ ഇനിയുമുണ്ട് രണ്ടു മിനുട്ട്. ബസ്സുവന്നു അവൾ ധൃതിയിൽ ബസ്സിൽ കയറി. അന്നാണ് അവൾ അദ്ദേഹത്തെ ആദ്യമായി കാണുന്നത്. നീട്ടി വളർത്തിയ താടിയിൽ വെള്ളിനിറം പരന്നു തുടങ്ങിയിരിക്കുന്നു. അൽപം മങ്ങിയതെങ്കിലും തീക്ഷ്ണമായ നോട്ടങ്ങൾ പിറക്കാൻ കെൽപ്പുള്ള പൂച്ചക്കണ്ണുകൾ. കണ്ടക്ടറുടെ വേഷത്തിൽ അയാൾ ഒരു സൗമ്യരൂപകനായി കാണപ്പെട്ടു. എല്ലാവരോടും നന്നായി പെരുമാറുന്ന അദ്ദേഹത്തെ ആദ്യകാഴ്ചയിൽ തന്നെ അവൾ മനസ്സിൽ ഉറപ്പിച്ചിരിക്കുന്നു. ഓഫീസിനു മുന്നിലെ ബസ് സ്റ്റോപ്പിൽ ബസ് നിർത്തി. അവൾ ഇറങ്ങി ഓഫീസിലേക്ക് ഓടിക്കയറി. സൈൻ ചെയ്ത് അവൾ തൻറെ ഡസ്കിനരികിലേക്ക് നടന്നു .സാറ എന്നെഴുതിയ അവളുടെ നെയിം ബോർഡ് അവൾ ഒന്ന് കയ്യിലെടുത്ത് അൽപനേരം അത് നോക്കിനിന്നതിന് ശേഷം നേർസ്ഥാനത്ത് സാറ അത് തിരിച്ചുവയ്ക്കുകായും ചെയ്തു. കൊച്ചിയിലെ അത്യാവശ്യം പ്രശസ്തമായ ഐ.ടി. കമ്പനിയിലെ തൊഴിലാളിയാണ് സാറ.തിരുവനന്തപുരത്ത് നിന്നു ജോലിയുടെ ഭാഗമായി കൊച്ചിയിൽ എളുപ്പത്തിൽ എത്താൻ പാകത്തിനായി വാടകയ്ക്ക് ഒരു വീടെടുത്താണ് അവളുടെ താമസം.

ജോലിക്കിടയിലും ഇടയ്ക്കിടയ്ക്ക് അവളുടെ മനസ്സിൽ ബസ്സിലെ ഇന്നാദ്യമായി കണ്ട പുതിയ കണ്ടക്ടറുടെ മുഖം കൊള്ളിയാൻ പോലെ വന്നുപോകുന്നു. ഓഫീസിലെ എല്ലാവർക്കും തന്നെ പ്രിയങ്കരിയായിരുന്നു സാറ. ഇന്ന് ആകെ വിഷമിച്ചിരിക്കുന്ന സാറയുടെ മുഖം എല്ലാവരിലും അൽപം നിരാശ നൽകി. അവസാനം„ കൂടെ ജോലിചെയ്യുന്ന രാഹുൽ എന്ന പയ്യൻ ചോദിച്ചു "എന്താ സാറേച്ചി ആകെ വിഷമിച്ചിരിക്കുന്നത്? ചേച്ചി ടൈപ്പ് ചെയ്യുന്നത് മുഴുവൻ തെറ്റാണ് എന്തു പറ്റി?

" ഒന്നുമില്ല " ഒറ്റ വാക്കിൽ സാറ അവനുള്ള ഉത്തരം നൽകി ബാക്കി ജോലി തുടർന്നു. കാരണം അവൾക്കും അറിയില്ല. തനിക്കെന്താണ് ഇന്ന് സംഭവിച്ചതെന്ന്. ഡ്യൂട്ടി സമയം കഴിഞ്ഞ് എല്ലാവരോടും സംസാരിച്ച് പതുക്കെ ഓഫീസ് വിട്ടിറങ്ങുന്ന സാറ ഇന്നെന്തോ ദൃതിയിലാണ് ഓഫീസിൽ നിന്നും ഇറങ്ങിയത്. ഒരു പക്ഷേ മൂന്നേ അഞ്ചിന് ഉള്ള രാവിലെ വരുന്ന അതേ ബസ്സിൽ കയറുക എന്നതായിരുന്നിരിക്കണം അവളുടെ ലക്ഷ്യം. അവൾ ബസ്സ്റ്റോപ്പിൽ എത്തിയതും ബസ് വന്നതും ഒന്നിച്ചായിരുന്നു. അയാൾ രാവിലത്തെ പോലെ അത്ര ഉത്സാഹത്തിൽ അല്ല ഇപ്പോൾ. തൻറെ കാര്യവും അങ്ങനയല്ലേ,

ജോലി ചെയ്യുന്ന ഏതൊരാളും അങ്ങനയാണ്. അവൾ മുന്നിൽ ഡ്രൈവറുടെ അടുത്തായുള്ള സീറ്റിൽ സ്ഥാനമുറപ്പിച്ചു. അവിടെ നിന്നാൽ കണ്ടക്ടറുടെ ഓരോ നീക്കങ്ങളും തനിക്ക് കാണാൻ സാധിക്കും എന്ന മുൻകൂട്ടിയുള്ള ധാരണയാണ് അവളിൽ. അവൾ അദ്ദേഹത്തെ തന്നെ നോക്കിയിരുന്നു, ഇടയ്ക്കെപ്പോഴോ അദ്ദേഹവും നോക്കി അവരുടെ നോട്ടം അവൾ ദൃഷ്ടി മാറ്റിയില്ല. അദ്ദേഹം അവൾക്ക് വളരെ മനോഹരമായ ഒരു പുഞ്ചിരി സമ്മാനിച്ചു. തിരിച്ച് അവളും.

" ഞാൻ എന്തിനാണ് അയാളെ നോക്കി കൊണ്ടിരിക്കുന്നത്? തനിക്ക് അയാളോട് എന്താണ് ഇത്രയും അടുപ്പം തോന്നുന്നത്?

അവളുടെ മനസ്സിൽ വലിയൊരു ചോദ്യാവലി തന്നെ രൂപപ്പെടുകയാണ്. വീടിനടുത്തുള്ള സ്റ്റോപ്പിൽ സാറ ഇറങ്ങി.എറണാകുളത്തിൻറെ ഭംഗി വിളിച്ചോതുന്ന ഒരു ചെറിയ ഗ്രാമം അവിടെയാണ് സാറയുടെ താമസം.

വൈകുന്നേരങ്ങളിൽ പൊതുവെ അവൾക്ക് തിരക്കുകൾ ഒന്നും ഇല്ലാതെയാണ് പതിവ്. എന്നാൽ അപൂർവം ദിവസങ്ങൾ പോലെ ഇന്ന് ഓഫീസിലെ ബാക്കി വന്ന ജോലി അവൾക്ക് ചെയ്യേണ്ട ആവശ്യമുണ്ട്. താമസം ഒറ്റയ്ക്കായതിനാൽ വീട്ടുജോലികൾ എല്ലാം അവളുടെ ബാധ്യതയാണ്. ജോലിയെല്ലാം തീർത്ത് അവൾ കിടപ്പുമുറിയിൽ എത്തി. അലമാരയിൽ നിന്ന് ഒന്നുരണ്ട് പഴയ പുസ്തകങ്ങൾ എടുത്ത് കട്ടിലിൽ വന്നിരുന്നു. ഏകാന്തതയുടെയും ജോലിത്തിരക്കിൻറെയും ഇടയിൽ പുസ്തകങ്ങൾ അവൾക്ക് വല്ലാത്തൊരു ആശ്വാസം തന്നെയാണ് അവൾ ആദ്യത്തെ പുസ്തകം മറിച്ചു. ആമുഖത്തിൻറെ കൂടെ അവളുടെ പ്രിയപ്പെട്ട കൈയക്ഷരം. അതിൽ എന്നും അവൾക്ക് ആശ്വാസമേകുന്ന വാക്കുകൾ അവൾ മനസ്സിൽ വായിച്ചു.

" സാറാ എവിടെയാണെങ്കിലും ഞാൻ നിന്നിലേക്കെത്തും".

അവൻറെ അച്ഛൻ ജോലിമാറ്റം കിട്ടി മുംബൈയിലേക്ക് മാറുന്നത് പെട്ടെന്നായിരുന്നു. ഒന്ന് പറയാനോ കാണാനോ പററിയില്ല. മുംബൈയിൽ നിന്ന് തനിക്കയച്ച പുസ്തകത്തിൽ കുത്തിക്കുറിച്ച ഈ വാക്കുകളുടെ ബലത്തിലാണ് ഇത്രയും നാൾ അവൾ ജീവിച്ചത്.

ദിനരാത്രങ്ങൾ ഒന്നിനും കാത്തു നിൽക്കാതെ കടന്നുപോയി. ഓഫീസിലെ ലിസ ചേച്ചിയും തൻറെ കുഞ്ഞനുജനെ പോലെ. കാണുന്ന രാഹുലും ഇന്ന് ആശുപത്രിയിൽ സാറയെ കാണാൻ വന്നിരിക്കുകയാണ്. രാവിലെ ബസ്സ്റ്റോപ്പിലേക്ക് ഓടുന്നതിനിടെ എതിരെ വന്ന ലോറി ഇടിച്ച് അൽപ്പം സീരിയസായി സാറ ആശുപത്രിയിലാണ്. രാഹുൽ ഡോക്ടറുടെ മുറിക്ക് പുറത്ത് കാത്തിരിക്കുകയാണ്. ഡോക്ടർ പുറത്തേക്ക് വന്നതും രാഹുൽ ആവലാതിയോടെ ചോദിച്ചു.

"ഡോക്ടർ സാറയ്ക്ക് ഇപ്പോൾ എങ്ങനെയുണ്ട്

" കൃത്യസമയത്തിന് എത്തിച്ചതുകാരണം വലിയ രീതിയിലേക്ക്

പ്രശ്നം പോയില്ല. ഒരുപാട് രക്തം നഷ്ടമായിട്ടുണ്ട്. അതിനുവേണ്ടിയുള്ള " അറേഞ്ച്മെൻസ് നിങ്ങൾ ചെയ്യണം.പെട്ടെന്ന് വേണം"

"ശരി ഡോകടർ, ഒരുപാട് നന്ദി "

"അല്ല നിങ്ങൾ പേഷ്യൻറിൻറെ ആരാണ്".

"ഞാൻ സാറയുടെ കൂടെ ജോലി ചെയ്യുന്ന സഹപ്രവർത്തകൻ ആണ് ".

"സാറയുടെ വീട്ടിൽ നിന്ന് ആരും വന്നില്ലെ? "

"ഇല്ല ഡോക്ടർ. ചേച്ചിയുടെ കുടുംബത്തെ പറ്റി ഞങ്ങൾക്ക് ഒന്നും തന്നെ അറിയില്ല. ?

. "ശരി നിങ്ങൾ രക്തത്തിനുള്ള അറേഞ്ച്‌വെൻസ് ചെയ്തോളൂ"

സാറ കണ്ണുതുറന്നു. അരികിൽ തന്നെ ലിസചേച്ചിയും ഉണ്ട്. അവൾ ചെറുതായി ഏറെ പ്രയാസപ്പെട്ട് അവരെ നോക്കി പുഞ്ചിരിച്ചു. അവർ തിരിച്ചും. ഒരു ചേച്ചിയുടെ സ്നേഹത്തോടെ ലിസ ചോദിച്ചു; "കുഴപ്പമില്ലല്ലോ മോളെ"

"ഇല്ല"

അൽപനേരം കഴിഞ്ഞ് ഡോക്ടർ മുറിയിലേക്കെത്തി.

." സാറ കുഴപ്പം ഒന്നും ഇല്ലല്ലോ?. ഞാൻ ഡോക്ടർ അരുൺ പ്രസാദ് "

ആ പേരു കേട്ടപോൾ സാറ അക്ഷരാർഥത്തിൽ ഒന്നുഞെട്ടി അയാളെ ഒന്നു പകച്ചു നോക്കി. എന്തുപറ്റി സാറ? "

"Nothing doctor"

ഡിസ്ചാർജ് ആയി തിരിച്ചു വീട്ടിലെത്തിയപ്പോഴും അവളുടെ മനസ്സിൽ ആ പേരു മുഴങ്ങിക്കൊണ്ടിരുന്നു. ഡോക്ടർ അരുൺ പ്രസാദ്.

അവളുടെ ഓർമ്മകൾ ആ പതിനാലുകാരിയിലേക്ക് മടങ്ങി.

തിരുവനന്തപുരത്തെ സെൻറ് മേരീസ് ഓർഫനേജിൽ മാതാപിതാക്കൾ മരണപ്പെട്ട മൂന്നു വയസ്സുകാരി സാറയെ അവിടുത്തെ എല്ലാവരും സങ്കടത്തോടെ നോക്കി. അവളെ അവിടെ ആക്കിയത് അവളുടെ അപ്പയുടെ (അച്ചൻ) അനുജനായിരുന്നു. പൂച്ചക്കണ്ണുകളിൽ തീക്ഷണമായ നോട്ടങ്ങൾക്കായിരുന്നു എപ്പോഴും സ്ഥാനം . അവൾ അവിടെയാണ് വളർന്നത്. പ്രിയപ്പെട്ട കൂട്ടുകാരി അപർണയുടെ വീട് അവിടെ അടുത്താണ്.

സ്കൂളിൽ എപ്പോഴും സാറ അവളോട് കൂടിയാണ് പോയിരുന്നത്.

അച്ഛനും അമ്മയും ഏട്ടനും അടങ്ങുന്ന ആ കൊച്ചു കുടുംബം സാറയ്ക്ക് എന്നും വേദനയും അതിലുപരിആഗ്രഹവും ആയിരുന്നു. അപ്പു എന്ന

അപർണയോട് ഇടയ്ക്കിടെ സാറ പറയും "അപ്പു ഞാൻ തനിച്ചാണ്"

" നിനക്ക് ഞാനില്ലേ സാറ"

ഈ വാക്കുകൾ സാറയുടെ ധൈര്യമായിരുന്നു. അപ്പുവിൻറെ ജ്യേഷ്ഠനായ അരുൺ എപ്പൊഴും ശ്രദ്ധിച്ചിരുന്നു. ആ പതിനാലു വയസ്സുകാരി സാറയും പതിനെട്ടുകാരൻ അരുണിനും തമ്മിൽ പ്രണയം ഉടലെടുക്കാൻ ഒട്ടും താമസം വേണ്ടി വന്നില്ല. അവർ പ്രണയിച്ചു.

നിറങ്ങളുടെ ലോകത്തെ കൗമാര പ്രണയം മാത്രമായിരു ജീവിതാവസാനം വരെ കൂടെ ഉണ്ടാകണം എന്ന ആഗ്രഹമായിരുന്നു ഇരുവർക്കും.അവൾ ഓർമ്മയുടെ ലോകത്തുനിന്നും പടിയിറങ്ങി. അരുൺ അതേ അത് എൻറെ അരുൺ അരുൺ തന്നെയാണ് ഒരു നേടുങ്ങലോടൊ അവൾ തിരിച്ചറിഞ്ഞു.

പിറ്റേന്ന് ഓഫീസിൽ പോയ സാറ ഇത് ലിസയോട് പറഞ്ഞു. നീ അനാഥാലയത്തിൽ ആണോ വളർന്നത് എന്ന ചോദ്യം അവൾ പുഞ്ചിരികൊണ്ട് ഇല്ലാതാക്കി.

ദിവസങ്ങൾ കടന്നുപോയി ദിവസങ്ങൾ മാസങ്ങളായി പുതിയൊരു പ്രഭാതം . സാറ വേഗം വാ ജോലിക്ക് പോകേണ്ടേ

അരുണിൻറെ ശബ്ദം ആ വീട്ടിൽ നിന്നും ഉയർന്നു കേട്ടു. പണ്ടത്തെ പോലെ സാറ ധൃതിയിൽ ഓടിപ്പിടഞ്ഞ് പടികൾ ഇറങ്ങി. അതേ അവർ ഒന്നിച്ചിരിക്കുന്നു. ലിസയും രാഹുലും ഡോക്ടറെ കണ്ട് കാര്യം പറഞ്ഞു. വർഷങ്ങളായി കാത്തിരിക്കുന്ന തൻറെ പ്രിയപ്പെട്ടവളെ കാണാൻ അവനും തിടുക്കമായി. അവർ ഇരുവരും ഇത്രയും കാലം അവളെ ഓർത്ത ഒരു പുസ്തകം അവൻ കൈയിലെടുത്തു. നീലശലഭം സാറ പഠനകാലത്ത് സാഹിത്യത്തെയും പ്രണയിച്ച സാറയുടെ തൂലികയിൽ നിന്നും ഉതിർന്ന വരികൾ അതൊരിക്കലും പൂർണമായ ഒന്നല്ല. അപ്പപ്പോൾ തോന്നുന്നത് വെറുതെ കുറിച്ചിടും. അതാണു നീലശലഭം.

പരാതികളും പരിഭവങ്ങളും പറഞ്ഞു തീർത്ത അവർ ജീവിതത്തിൽ ഒന്നിച്ചു. എന്നാൽ ഒരിക്കലും നികത്താൻ കഴിയാത്ത അടുത്ത നഷ്ടവും സംഭവിച്ചു കഴിഞ്ഞിരുന്നു. അപ്പുവും ഈ ലോകം വിട്ട് പോയിരിക്കുന്നു.

അപ്പയുടെയും അമ്മയുടെയും കുഴിമാടത്തിനു മുന്നിൽ മുട്ടുകുത്തി നിന്നു അവൾ പ്രാർത്ഥിച്ചു.

" അപ്പ അമ്മ നിങ്ങളില്ലാത്ത ലോകത്ത് ഞാൻ തനിച്ചാണ്"

പ്രിയപെട്ട അപ്പുവിൻറെ കല്ലറയിലും അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു.

"അപ്പു നീയില്ലാത്ത ലോകം. ശൂന്യമാണ്. അവിടെ എനിക്ക് ചിറകുകളില്ല. ഞാൻ ഇവിടെ തനിച്ചിരിക്കുന്നു. അതെ ഇവിടെ ഞാൻ തനിച്ചാണ്.

അവസാനിക്കുന്നില്ല സാറ ജീവിക്കട്ടെ ...

നീഹാര സി.പി
9B

# LOVE IS GONE

Don’t go tonight
stay here one more time
remind me what’s it’s like
and let’s fall in love one more time
I need you now by my side
it’s tears me up when you turn me
down
i’m begging please just stick around
i’m sorry ,don’t leave me
I want you here with me
I know that your love is gone
I can’t breath, I,m so week
I known this isn’t easy
don’t tell me that your love is gone
that your love is gone (2)
I am sorry don’t leave me (2)
that’s your love is gone (2)

**VISHNU.C**

**10B**

# സ്നേഹശ്രുതി

കാലചക്രമുരുളന്നു എൻ വേണയേകുന്നു
കാലാന്തരത്തിന്റെ  ശ്രുതാളങ്ങൾ
കനവുകൾ കവിതതൻ
നദിയായിയൊഴുകുന്നു
കാലങ്ങൾ താണ്ടിയാ ഓർമ്മക്കിനാവുകൾ

സ്നേഹത്തിന്റെ പാലാഴി
ചങ്കിലൊഴുക്കിയോൾ
സ്മൃതിയായി മാറിയാ
കാലാന്തരത്തിൽ
സ്മൃതികൾ തരുന്നൊരാ പനിനീർ
ഗന്ധത്തിൽ
കാലങ്ങൾ താണ്ടിയെൻ ജീവിതം
ചലിക്കവേ

പുതുജീവിത മാർഗ്ഗത്തിൽ  ഗമിക്കവേ
പഴയ സ്നേഹത്തിൻ മാറ്റൊലി മനസ്സിലാ
പാവന സ്നേഹത്തിൻ  ഗന്ധം പേറിയീ
പുതുജീവിതം ശാന്തമായി ഒഴുകട്ടെ.




ഏലിയാസ്.കെ.സി
എച്ച്.എസ്സ്.ടി


# താതൻ കേഴുന്നു

അമ്മയാം ധരിത്രിയിൽ വാഴുന്ന നാം
തന്നെ
അമ്മയെ ദ്രോഹിക്കുവതിതെന്തു കഷ്ടം!
ധരണിതൻ ഹൃദയയത്തെ
മുറിവേൽപ്പിച്ചും കൊണ്ട്
ക്രൂരരാവുന്നതിതെന്തിനാൽ?
വേരോടെ പിഴുതെറിയുന്ന
വൃക്ഷങ്ങൾ
നമുക്കായ് കാവൽ നിന്നതും
മറക്കുന്ന നാളുകൾ!
അമ്മയായ് ധരണിയും ജനകനായ്
വാനവും
നമ്മെ ചേർത്തു നിർത്തിയ നാളുകൾ
മറവിതൻ കടലിൽ
മുങ്ങിപ്പോകുന്നിതെന്തേ?
കുഞ്ഞു മണ്ഡൂകങ്ങളും മത്സ്യങ്ങളും
വയലുകൾ മരിക്കുമ്പോൾ കേഴുന്നു
ഈ ഭൂമിയിൽ
കേൾക്കുന്നില്ലയോ നിങ്ങളിതേതും
താതനാം വിണ്ണിതാ കാൽക്കൽ വീഴുന്നു
മാതാവാം ധരിത്രിയെ
കോപിതയാക്കരുതേ...

നീഹാര സി.പി
9B

# ഗണിതവിസ്മയം








# പൈഥഗോറസ്

ഗണിതശാസ്ത്രത്തിലെ  എക്കാലത്തെയും
അധികായന്മാരിൽ ഒരാളാണ് പൈഥഗോറസ്...
പ്രസിദ്ധമായ ത്രികോണ സിദ്ധാന്തം,
അഭിന്നകസംഖ്യകൾ, ജ്യോതിശാസ്ത്രത്തിലെ
കണ്ടുപിടിത്തങ്ങൾ എന്നിവ
അദ്ദേഹത്തിന്റെ ചില മേഖലകൾ മാത്രം...
ജ്യോതിശാസ്ത്രത്തിൽ മാലികമായ പല
നിരീക്ഷണങ്ങളും നടത്തി നക്ഷത്രങ്ങൾ,
സൂര്യൻ, ചന്ദ്രൻ , ഗ്രഹങ്ങൾ എന്നിവയുടെ
ചലനങ്ങളും ദിശയും വ്യക്തമാക്കി.
ശബ്ദശാസ്ത്രത്തിലും അഗ്രഗണ്യനായ
പൈഥഗോറസ് സംഗീതോപകരണങ്ങളുടെ
കമ്പികളുടെ നീളം, ശബ്ദത്തിന്റെ സ്വഭാവം
എന്നിവയും ഗവേഷണ വിഷയം
ആക്കിയിട്ടുണ്ട്. ഗണിത ശാസ്ത്രത്തിന് അദ്ദേഹം
നൽകിയ സംഭാവനകൾ  അന്നും ഇന്നും
അമൂല്യമായി തുടരുന്നു.

## ജീവിതമാകട്ടെ ലഹരി

സമൂഹത്തെ സർവ്വനാശത്തിലേക്ക് നയിക്കുന്ന മാരക വിപത്താണ് ലഹരി. പുതിയ കണക്കുകൾ കാണിക്കുന്നത് നാളത്തെ തലമുറയായ കുട്ടികളാണ് കുടുതലായും ലഹരിക്ക് അടിമപ്പെടുന്നത്. ഒരു രസത്തിന് മാത്രമായി തുടങ്ങുന്ന ലഹരിമരുന്ന് ഉപയോഗം പിന്നീട് ജീവിതത്തിന്റെ സർവ്വവർണങ്ങളെയും കവർന്നെടുക്കുന്നു. മരണത്തിലേക്കുള്ള കുറുക്കുവഴിയായി ലഹരി ഉപയോഗം മാറിയിട്ടുണ്ട്. ഇത് വ്യക്തിയെ മാത്രമല്ല, കുടുംബം, അതുവഴി സമൂഹത്തിന്റെ സാമ്പത്തിക സാംസ്കാരിക സുസ്ഥിരതയെയും മോശമായി ബാധിക്കുന്നു.പഠനം, ജോലി,, വിനോദം എന്നു വേണ്ട സർവ്വകാര്യങ്ങളിലും താൽപര്യക്കുറവ് കാണിച്ച് ക്രൂരപ്രവർത്തികളിലേക്ക് സമൂഹത്തെ നയിക്കാൻ ലഹരി ഉപയോഗം കാരണമാകുന്നു. ലഹരി ഉപയോഗം , വിൽപ്പന എന്നിവ നിരുൽസാഹപ്പെടുത്തി സമൂഹത്തെ സുന്ദരമായ ജീവിതത്തിലേക്ക് വഴി തിരിച്ചുവിടാൻ ഏവരും ആത്മാർത്ഥമായി പ്രവർത്തിക്കേണ്ടതുണ്ട്. ജൂൺ 26 ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നതും ഈ ലക്ഷ്യം വെച്ചു തന്നെയാണ്.സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ വഴി ഫലപ്രദമായ പ്രവർത്തനങ്ങൾ തീരുമാനിച്ച് നടപ്പിലാക്കാറുണ്ട്.. സുന്ദര ജീവിത ലഹരി പൂക്കുന്ന കാലം ഒട്ടും വിദൂരമല്ല എന്ന് പ്രത്യാശിക്കുന്നു.




GOVT. TECHNICAL HIGH



## ടെക്നിക്കൽ പഠനം സവിശേഷതകൾ

•ഏഴാം ക്ലാസ് വിജയിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം.

•പഠനമാധ്യമം ഇംഗ്ലീഷ് ആണെങ്കിലും മലയാളം മീഡിയത്തിൽ പഠിച്ചവർക്കും പ്രവേശനം.

•S.S.L.C.ക്ക് തുല്യയോഗ്യതയായ T.H.S.L.C.സർട്ടിഫിക്കറ്റ്.

•ഹൈസ്കൂളിൽ പഠിക്കുന്ന പൊതുവിഷയങ്ങൾക്ക് പുറമെ

ELECTRONICS,ELECTRICAL,AUTOMOBILE,

MECANICAL-എന്നീ എൻജിനിയറിംഗ്

ബ്രാഞ്ചുകളിൽ വിദഗ്ധ പരിശീലനം നല്കുന്നു.

•അച്ചടക്കമുള്ള ശാന്തമായ കാമ്പസ്.
•വിശാലമായ വർക്ക് ഷോപ്പുകളും ക്ലാസ്സ്മുറികളും.
•പരിശിലനം സിദ്ധിച്ച മികവുറ്റ അദ്ധ്യാപകർ.
•സുസജ്ജമായ കമ്പ്യൂട്ടർലാബ്,മികച്ച ലൈബ്രറി,സ്മാർട്ട് ക്ലാസ്സ്മുറികൾ.

•Autocad lab,റോബോട്ടിക്സ് ലാബ്,നൂതന സാങ്കേതിക വിദ്യകളും ഉപകരണങ്ങളും.

•പ്രത്യേകം സജ്ജീകരിച്ച ഓഡിറ്റോറിയം, വിശാലമായ കളിസ്ഥലം.

•8-ാം ക്ലാസിലെ അർഹരായ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം.

•എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം
•കലാ-കായിക മത്സരങ്ങളിൽ സ്കൂൾതലത്തിൽ യോഗ്യത നേടുന്നവർക്ക് സംസ്ഥാനതലത്തിൽ

നേരിട്ട് മത്സരിക്കാവുന്നതാണ്.ഇതിൽ

വിജയിക്കുന്നവർക്ക് THSLCപരീക്ഷയിൽ

ഗ്രേസ്മാർക്ക് ലഭിക്കുന്നു

•JRC,Little Kites തുടങ്ങിയ പാഠ്യേതരപ്രവർത്തനങ്ങൾക്കുള്ള അവസരം

•ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം

•Poly Technic College,ITI,VHSE,Higher Secondary തുടങ്ങിയ സ്ഥാപനങ്ങളിൽ തുടർപഠനത്തിന് അവസരം

•THSLC വിദ്യാർത്ഥികൾക്ക് Poly Technic College കളിൽ 10% സീറ്റ് സംവരണം

•കേന്ദ്രസർക്കാറിന്റെയും സംസ്ഥാന സർക്കാറിന്റെയും കീഴിലുള്ള സ്ഥാപനങ്ങളിൽ നിരവധി തൊഴിലവസരങ്ങൾ [PED,Water Authority,Agriculture,Polytechnic,Engg.College,Technical School,KSEB,ISRO,DRDO,ITI...etc]

•സ്വന്തമായി തൊഴിൽ സംരംഭക പരിപാടികൾ തുടങ്ങാൻ കഴിയുന്നു

•പഠനം തികച്ചും സൗജന്യമാണ്

•THSLC പരീക്ഷയിൽ തുടർച്ചയായി 100% വിജയം



